Janayugom 30-12-18, p-11

# ജൈവസാങ്കേതികവിദ്യയുടെ സാന്നിദ്ധ്യവുമായി ഫ്ളോറിക്കൾച്ചർ സെന്റർ

തൃശൂർ : ജൈവസാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ കർഷകനിലേക്കെത്തിക്കാൻ ഭാരത സർക്കാരിന്റെ കീഴിൽ രൂപീകരിക്കപ്പെട്ട ആദ്യ ടിഷ്യൂകൾച്ചർ ലാബാണ് തിരുവനന്തപുരം കഴക്കൂട്ടത്തു പ്രവർത്തിച്ചു വരുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്റർ. വിവിധ ഇനം ആധുനിക ഓർക്കിഡ് ചെടികളുടെ ശേഖരണത്താൽ വർണ്ണവിസ്മയം പകരുന്നതാണ് വൈഗയിൽ ബി.എം.എഫ്. സിയുടെ പ്രദർശനശാല.

വിവിധ ഇനം ഡെൻഡ്രോബിയം, ഫെലനോപിസ് റെനാന്തിറ, വാൻഡ തുടങ്ങിയ ഓർക്കിഡുകളുടെ വൻശേഖരം തന്നെ ഇവിയുണ്ട്. വിദേശ ഓർക്കിഡ് ഇനങ്ങളുടെ ഇറക്കുമതി ചെയ്ത മാതൃസസ്യങ്ങൾ പരിചയപ്പെടുത്തുകയാണിവിടെ. ടിഷ്യുകൾച്ചർ ഓർക്കിഡ് തൈകളുടെ വിപണനവും ഇവിടെ ഒരുക്കിയിട്ടുണ്ട്. ഹൈബ്രിഡ് ഡെൻഡ്രോബിയം, ഫെലനോപിസ് തൈകൾ 36/- രൂപ മുതൽ വിലകളിൽ ഇവിടെ ലഭ്യമാണ്. പലതരം അലങ്കാരച്ചെടികൾ, ആന്തൂറിയം ഇനങ്ങൾ എന്നിവയും ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു.



തിരുവനന്തപുരം കഴക്കൂട്ടത്തെ ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്റർ വൈഗ പ്രദർശന വേദിയിൽ

ടിഷ്യുകൾച്ചർ സാങ്കേതികവിദ്യയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുത്തുന്നതിനായി ഓരോ വളർച്ചാ ഘട്ടത്തിലുമുള്ള കൾച്ചർ ബാനറുകളും ഒരുക്കിയിട്ടുണ്ട്. ടിഷ്യകൾച്ചർ വാഴയിനങ്ങൾ, ഓർക്കിഡുകൾ ആന്തൂറിയം, കറ്റാർവാഴ എന്നിവയുടെ തൈകൾ ബി.എം.എഫ്.സിയുടെ വില്പന ശാലയിൽ സർക്കാർ അംഗീകൃത നിരക്കിൽ ലഭ്യമാണ്. ഇതോടൊപ്പം തൈകളുടെ പരിചരണം, കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയിൽ ആവശ്യമായ നിർദ്ദേശങ്ങളും ഇവിടെ ലഭിക്കുന്നു.